# തിരുവനന്തപുരം വനം വകുപ്പാസ്ഥാന ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്.

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.റോബിൻസൺ കാർലോസിന് ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന: 1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.03.2016 തീയതിയിലെ ഇ2-18384/15 നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റ്.

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 10.05.2017 തീയതിയിലെ ഇ2-4047/2014-ാം നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-4047/2014 തീയതി: 03.01.2018**

വനം വകുപ്പ് ആസ്ഥാന ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ടിച്ചിരുന്ന ശ്രീമതി.പി.കെ.റുക്കിയ 31.12.2017 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് ഒരു ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച വനം വകുപ്പിലെ ഫെയർ കോപ്പി സൂപ്രണ്ട്/ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് വിഭാഗത്തിലെ ക്രമനമ്പർ (3) ശ്രീമതി.എൻ.റ്റി.റംലത്ത് വരെയുള്ളവർക്ക് ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 01.01.2018 തീയതിയിൽ വനംവകുപ്പിൽ ഉണ്ടായ ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവിലേക്ക് താഴെപ്പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് സ്ഥാനക്കയറ്റത്തിനായി അർഹത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പേര് | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | 04 | ശ്രീ.റോബിൻസൺ കാർലോസ് | O/o അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) |

മേൽ സാഹചര്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.റോബിൻസൺ കാർലോസിനെ 30,700-65,400 രൂപ ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ടായി

സ്ഥാനക്കയറ്റം നൽകി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാന് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പകർപ്പ്:**
1. വ്യക്തിക്ക് മേലധികാരി മുഖേന.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിലേക്ക്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വനം വകുപ്പ് വെബ്സൈറ്റിൽ.
4. എച്ച് സെക്ഷൻ.
5. സ്റ്റോക്ക് ഫയൽ.



D:\Neethu 18\Procee\E2\E2-4047-2014 Mal.doc